# 2

# വിഷയ സമീപനങ്ങൾ

**ഭാഷാപഠനം - പൊതുസമീപനം**

കേവലമായ ആശയവിനിമയോപാധി എന്നതിനപ്പുറം ഒരു ജനതയുടെ സാമൂഹികവും സാംസ്കാരികവുമായ ജീവിതത്തിന്റെ പ്രതിഫലനം തന്നെയാണ് ഭാഷ. മനുഷ്യൻ സ്വന്തം വികാരവിചാരങ്ങൾ പ്രകടിപ്പിക്കുന്നതും സർഗ്ഗാത്മകാവിഷ്ക്കാരങ്ങൾ നടത്തുന്നതും കലാസൃഷ്ടികൾ ആസ്വദിക്കുന്നതും ഭാഷ ഉപയോഗപ്പെടുത്തിയാണ്. മുനുഷ്യന്റെ നാളിതുവരെയുള്ള വളർച്ചയിലും വികാസത്തിലും ഭാഷ നിർണായകമായ പങ്കാണ് വഹിച്ചിട്ടുള്ളത്. നൈസർഗ്ഗീകമായ ഭാഷാശേഷികളെ അടിസ്ഥാനമാക്കി ഭാഷ ഉൽപ്പാദിപ്പിക്കുന്നതിനുള്ള കുട്ടിയുടെ കഴിവുകളും സിദ്ധികളും പ്രയോജനപ്പെടുത്തുകയും ഭാഷ ഉപയോഗിച്ച് ദൈനംദിന വ്യവഹാരങ്ങളും സർഗാത്മക പ്രകടനങ്ങളും നടത്തുന്നതിന് അവസരം നൽകുകയും ചെയ്യുന്നതാണ് പുതിയ ഭാഷാസമീപനം.

**ഭാഷയും ചിന്തയും**

കുട്ടിയിൽ അന്തർലീനമായിരിക്കുന്ന ഭാഷാഘടകത്തിന്റെ വികാസം എന്ന നിലയിലാണ് ഭാഷാപഠനത്തെ കാണേണ്ടത്. കുട്ടി ഔപചാരികമായി ഭാഷാപഠനം ആരംഭിക്കുമ്പോൾ അതുവരെ സ്വായത്തമാക്കിയ ഭാഷാ പഠനപ്രക്രിയയോട് നീതിപുലർത്തുന്ന തരത്തിലാകണം ഭാഷാപഠന സമീപനം. ഭാഷയും ചിന്തയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു ചിന്തയില്ലാതെ ഭാഷയില്ല അതിനാൽ ചിന്തകൾ ഉണർത്തുന്നതും വാങ്മയ ചിത്രങ്ങൾ കുട്ടിയുടെ മനസിൽ രൂപപ്പെടുന്നതുമായ തരത്തിലുള്ള അനുഭവങ്ങളാണ് ക്ലാസ്മുറിയിൽ ഉണ്ടാകേണ്ടത്. ആശയതലവും ഭാവതലവും വൈകാരിക്കതലവും ചിന്തയെ വികസിപ്പിക്കുന്നു. കഴിയുന്നത്ര സ്വാഭാവിക സന്ദർഭങ്ങളും നിത്യജീവിതവുമായി ബന്ധപ്പെട്ട ഇതിവൃത്തങ്ങളും വൈവിധ്യമാർന്ന ഭാഷാരൂപങ്ങളും ക്ലാസ് മുറിയിൽ ഒരുക്കികൊടുക്കുന്നത് ഭാഷാപഠനത്തിന് ആവശ്യമാണ്.

**മാതൃഭാഷയുടെ പ്രസക്തി**

ഭാഷാർജനത്തിന്റെ ആദ്യഘട്ടത്തിൽ കുട്ടിയിൽ പ്രബലമായി രൂപപ്പെടുന്നത് മാതൃഭാഷയാണ്. കുട്ടിയുടെ വികാരവിചാരങ്ങളെയും പ്രതികരണങ്ങളെയും പ്രതിഫലിപ്പിക്കാൻ കഴിയുന്ന ഉചിതമായ മാധ്യമമാണ് ഇത്. അതിനാൽ സ്കൂൾവിദ്യാഭ്യാസത്തിൽ മാതൃഭാഷയുടെ സ്ഥാനം വളരെ വലുതാണ്. സ്കൂൾ വിദ്യാഭ്യാസത്തിന്റെ വിവിധ ഘട്ടങ്ങളിൽ മാതൃഭാഷയ്ക്ക് വ്യത്യസ്ത ധർമങ്ങൾ അനുഷ്ഠിക്കാൻ കഴിയും. ജ്ഞാനനിർമിതിക്ക് മാതൃഭാഷയാണ് ഏറ്റവും അനുയോജ്യമായിട്ടുള്ളത്.

**ബോധനമാധ്യമം**

ബഹുഭാഷാസമൂഹങ്ങൾ അധിവസിക്കുന്ന രാജ്യങ്ങളിൽ ബോധനമാധ്യമം ഏതു ഭാഷയായിരിക്കണമെന്നത് പ്രധാനപ്പെട്ട ഒരു ചർച്ചാവിഷയമാണ്. ഉന്നതവിദ്യാഭ്യാസത്തിന്റെ മാധ്യമം ഇംഗ്ലീഷ് ആയതിനാൽ സ്കൂൾവിദ്യാഭ്യാസത്തിന്റെ മാധ്യമവും ഇംഗ്ലീഷ് ആയിരിക്കണം എന്നു കരുതുന്ന ഒരു പ്രബലവിഭാഗം കേരളത്തിലുണ്ട്. എന്നാൽ മാതൃഭാഷയായിരിക്കണം ബോധന

മാധ്യമം എന്നത് ആധുനികകാലത്ത് എല്ലാ സ്വതന്ത്രസമൂഹവും അംഗീകരിച്ചിരിക്കുന്ന ഒരു തത്ത്വമാണ്. കേവലം ആശയവിനിമയോപാധി എന്നതിനപ്പുറം ഭാഷ ഒരു സമൂഹത്തിന്റെ പാരമ്പര്യവും സംസ്കാരവും കൂടിയാണ്. ഇക്കാര്യം അംഗീകരിച്ചുകൊണ്ടുമാത്രമേ ഒരു ബഹുഭാഷാ സമൂഹത്തിൽ സഹവർത്തിത്വത്തോടെ ജീവിക്കാൻ കഴിയുകയുള്ളു. ഈ തിരിച്ചറിവാണ് മാതൃഭാഷ ബോധനമാധ്യമമായി സ്വീകരിക്കണം എന്നതിന്റെ രാഷ്ട്രീയം.

## ഭാഷാപഠനം - രണ്ടാംക്ലാസിൽ

ഭാഷയുടെ ഉല്പാദനത്തിനു സഹായകമായ ശക്തമാർന്ന മുഹൂർത്തങ്ങൾ സൃഷ്ടിച്ചുകൊണ്ട് വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെ ആശയപ്രകടനം നടത്തുന്നതിനുള്ള അവസരങ്ങളാണ് രണ്ടാം ക്ലാസിലെ ഭാഷാപഠനത്തിൽ ഒരുക്കിയിരിക്കുന്നത്. പാട്ട്, കഥ, സംഭാഷണം, ലഘുവിവരണം കുറിപ്പ് എന്നീ വ്യവഹാര രൂപങ്ങളിലൂടെ ഒന്നാം തരത്തിൽ ആശയ പ്രകടനം നടത്തിയ കുട്ടി രണ്ടാം ക്ലാസിന്റെ തലത്തിൽ നിന്നുകൊണ്ട് ഇവ കൈകാര്യം ചെയ്യുന്നതോടൊപ്പം അറിയിപ്പ്, ഡയറി, പോസ്റ്റർ തുടങ്ങിയ വ്യവഹാര രൂപങ്ങളിലൂടെ ആശയപ്രകടനം നടത്തുന്നതിനുള്ള അവസരവും ഒരുക്കിയിരിക്കുന്നു. കൂടാതെ വാർത്ത, നോട്ടീസ്, കാർട്ടൂൺ തുടങ്ങിയവ പഠനത്തിന്റെ ഭാഗമായി പരിചയപ്പെടുകയും ചെയ്യുന്നു.

പ്രശ്നാധിഷ്ഠിത പാഠ്യപദ്ധതിയിൽ ഭാഷാപഠനത്തിലൂടെ പ്രശ്നവുമായും ഭാഷയുമായും ബന്ധപ്പെട്ട ആശയങ്ങളുടെ രൂപീകരണം ലക്ഷ്യമിടുന്നുണ്ട്. ഭാഷാപരമായ ആശയങ്ങൾ എന്നതുകൊണ്ട് അർത്ഥമാകുന്നത് വ്യവഹാര രൂപങ്ങളുടെ സവിശേഷതയും ഭാഷാവസ്തുതകളായ പ്രയോഗങ്ങൾ, ശൈലികൾ, വിശേഷണങ്ങൾ, സവിശേഷ പദങ്ങൾ തുടങ്ങിയവയുടെ പ്രയോഗവുമായി ബന്ധപ്പെട്ട ആശയങ്ങളുടെ രൂപീകരണമാണ്. പാഠഭാഗമായി ഉൾപ്പെടുത്തിയിരിക്കുന്ന ഭാഷാരൂപങ്ങൾ വായിച്ചോ വായനയെത്തുടർന്നുള്ള അന്വേഷണത്തിലൂടെയോ ആണ് പ്രശ്നാശയങ്ങളുടെ രൂപീകരണം സാധ്യമാകുന്നത്. പാഠത്തിന്റെ ഭാഗമായി വരുന്ന വ്യവഹാര രൂപങ്ങളുടെയും ഭാഷാവസ്തുതകളുടെയും സവിശേഷതകൾ തിരിച്ചറിഞ്ഞാണ് ഭാഷാപരമായ ആശയരൂപീകരണം നടക്കേണ്ടത്. രണ്ടുതരം ആശയങ്ങളുടെയും രൂപീകരണം നടക്കും വിധമായിരിക്കണം ഭാഷാമൊഡ്യൂകൾ തയാറാക്കേണ്ടത്.

## വ്യവഹാര രൂപങ്ങളുടെ വളർച്ച

ഒന്നാം ക്ലാസിൽ ലഘുവിവരണവും സംഭാഷണവും ചെറുകഥകളും പാട്ടുകളും നിർമിക്കുന്ന കുട്ടി രണ്ടാം ക്ലാസിൽ എത്തുമ്പോഴേക്ക് ഈ വ്യവഹാര രൂപങ്ങളിൽ ക്രമാനുഗതമായ ഒരു വളർച്ച ലക്ഷ്യം വയ്ക്കേണ്ടതുണ്ട്. ഒന്നാം ക്ലാസിൽ 'വാഴ'യെക്കുറിച്ചുള്ള വിവരണം തയാറാക്കാനായി ഒരുക്കികൊടുക്കുന്ന അവസരത്തിൽ കുട്ടി അവന് ഏറ്റവും പരിചിതമായ കാര്യങ്ങൾ ഉൾപ്പെടുത്തി മൂന്നോ നാലോ വാക്യങ്ങളിലായിരിക്കും വിവരണം തയാറാക്കുന്നത്. എന്നാൽ രണ്ടാം ക്ലാസിൽ എത്തുമ്പോഴേക്ക് സന്ദർഭവുമായി ബന്ധപ്പെട്ട് സൂക്ഷ്മമായ വിവരങ്ങൾ ഉൾപ്പെടുത്തി കൂടുതൽ വാക്യങ്ങളിൽ വിവരണം തയാറാക്കണം എന്നാണ് നാം പ്രതീക്ഷിക്കുന്നത്. ഒപ്പം വാക്യഘടനയിലും രചനാ ശൈലിയിലും വളർച്ചയും ഉണ്ടാകേണ്ടതുണ്ട്. നിശ്ചിത ക്ലാസിൽ തന്നെ ആദ്യനാളുകളിൽ നിന്ന് വർഷാവസാനമാകുമ്പോഴേക്ക് പ്രകടമായ വളർച്ചയും ഉണ്ടാകണം. ക്ലാസ് മുറിയിൽ പങ്കുവയ്ക്കലിനും പിശകുകൾ തിരുത്തുന്നതിനുമുള്ള അവസരം സൃഷ്ടിച്ചുകൊണ്ടു മാത്രമേ ഈ മുന്നേറ്റം സാധ്യമാവുകയുള്ളു.

### ഗണിത സമീപനം

നിത്യജീവിതത്തിൽ ഗണിതത്തിന്റെ സ്വാധീനവും ഉപയോഗവും വളരെ വലുതാണ്. കൃത്യതയുടെ ഭാഷയാണ് ഗണിതം. എണ്ണവും വലിപ്പവും അളവും തൂക്കവും ക്രയവിക്രയവുമെല്ലാം ഗണിതഭാഷയിലൂടെയാണ് നടത്തുന്നത്. അതുകൊണ്ടുതന്നെ ജീവിത സന്ദർഭത്തിൽ നിന്ന് അടർത്തിമാറ്റി ഗണിതത്തെ കാണുന്നതും അറിയുന്നതും കേവലമായ 'കണക്കുപഠന'ത്തിനു മാത്രമേ ഉതകുകയുള്ളു. ഇത് യാന്ത്രികവും വിരസവുമായിരിക്കും.

### ഗണിതപഠനത്തിന്റെ ലക്ഷ്യം

ചിന്തയുടെ ഗണിതവത്ക്കരണമാണ് ഗണിതപഠനത്തിന്റെ പ്രധാനലക്ഷ്യം. ഒരു പ്രശ്നത്തെ ഗണിതപരമായി വിശകലനം ചെയ്യുമ്പോഴാണ് പരിഹാരം കൂടുതൽ കൃത്യതയുള്ളതായി മാറുന്നത്. അതുകൊണ്ടു തന്നെ ഗണിതപഠനം കേവലക്രിയകളിൽ ഒതുങ്ങുന്നതല്ല. അവ ജിവിതവിജയം ഉറപ്പാക്കാൻ സഹായകമായ ശാസ്ത്രീയ വിശകലന ചിന്തയുടെയും മനോഭാവത്തിന്റെയും ഉപകരണമാണ്.

### ഗണിതപഠനപ്രക്രിയ

പ്രശ്നമേഖലയുമായി ബന്ധപ്പെട്ട ആശയങ്ങളുടെ രൂപീകരണത്തിന് ഗണിതത്തെ ഉപയോഗപ്പെടുത്തുന്നതിലൂടെ ഗണിതപരമായ ഒട്ടേറെ ആശയങ്ങളുടെ രീപീകരണം നടക്കേണ്ടതായുണ്ട്. അറിവു നിർമ്മാണ പ്രക്രിയയിലൂടെയായിരിക്കണം ഇതു നടക്കേണ്ടത്.

നിത്യജീവിതവുമായി ബന്ധപ്പെട്ട് പരിഹരിക്കപ്പെടേണ്ട ഒരു പ്രശ്നം കുട്ടി ഏറ്റെടുക്കുന്നു. ആർജ്ജിത അറിവിന്റെ പിൻബലത്തോടെ പുതിയ പ്രശ്നത്തെ വിശകലനം ചെയ്യുകയും പരിഹരണത്തിന്/നിർദ്ധാരണത്തിന് അനുയോജ്യമായ രീതി തിരഞ്ഞെടുക്കുകയുമാണ് കുട്ടി ചെയ്യുന്നത്. ഇവിടെ തന്റേതായ വഴിയിലൂടെ പ്രശ്നം നിർദ്ധാരണം ചെയ്യാൻ കുട്ടിക്ക് സ്വാതന്ത്ര്യമുണ്ട്. പങ്കുവയ്ക്കലിലൂടെ മറ്റുള്ളവർ ചിന്തിച്ചതും തന്റെ ചിന്തയും താരതമ്യം ചെയ്യാനും പ്രശ്നപരിഹരണത്തിനു വേഗത്തിലും കൃത്യതയിലും ചെയ്യാവുന്ന മാർഗങ്ങൾ കണ്ടെത്തുന്നതിനും പുതിയസമീപനം അവസരം ഒരുക്കുന്നു.

### പ്രക്രിയാശേഷികൾ

ഒട്ടേറെ പ്രക്രിയാശേഷികളെ പ്രയോജനപ്പെടുത്തിക്കൊണ്ടാണ് പ്രശ്നപരിഹരണത്തിൽ കുട്ടി എത്തിച്ചേരുന്നത്. ഈ പ്രക്രിയാശേഷികളുടെ വികാസവും ഗണിതപഠനം ലക്ഷ്യം വയ്ക്കുന്നു.

- താരതമ്യം ചെയ്യൽ
- പരസ്പരബന്ധം കണ്ടെത്തൽ
- മതിച്ചുപറയൽ/പ്രവചിക്കൽ
- വ്യാഖ്യാനിക്കൽ
- സമർത്ഥിക്കൽ
- പ്രശ്നം നിർണ്ണയിക്കൽ
- അപഗ്രഥിക്കൽ
- വ്യത്യസ്ത വഴികൾ അന്വേഷിക്കൽ
- തട്ടിച്ചു നോക്കൽ

- നിഗമനം രൂപീകരിക്കൽ
- സാമാന്യവത്ക്കരിക്കൽ
- ആശയവിനിമയം ചെയ്യൽ
- പ്രശ്നം രൂപീകരിക്കൽ
- ക്രമീകരിക്കൽ
- പരിശോധിക്കൽ
- വിലയിരുത്തൽ
- പ്രയോഗിക്കൽ
- പൊരുത്തപ്പെടുത്തൽ
- നിർവചിക്കൽ
- ബോധ്യപ്പെടൽ/തിരസ്ക്കരിക്കൽ
- ആസ്വദിക്കൽ
- സംഗ്രഹിക്കൽ
- പട്ടികപ്പെടുത്തൽ
- നിരീക്ഷിക്കൽ
- തരംതിരിക്കൽ
- ചോദ്യങ്ങൾ ഉന്നയിക്കൽ
- ചിത്രീകരിക്കൽ
- വരയ്ക്കൽ/നിർമ്മിക്കൽ

**ഗണിതത്തിലെ മാറ്റം**

- സാമൂഹ്യ പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നതിനുള്ള ടൂൾ ആയി ഗണിതത്തെ ഉപയോഗിക്കൽ.
- പ്രക്രിയാശേഷികളിലൂന്നിയുള്ള പഠനം.
- സംഖ്യകളെ വിവിധ രീതിയിൽ സമീപിക്കാൻ അവസരം
- അർത്ഥപൂർണ്ണവും ജീവിതവുമായി ബന്ധപ്പെട്ടതുമായ സന്ദർഭങ്ങളിലൂടെയുള്ള ആശയ രൂപീകരണം.
- കേവലക്രിയകൾക്ക് പകരം പ്രശ്നനിർദ്ധാരണത്തിലൂടെ ക്രിയാരീതികൾ സ്വായത്തമാക്കാനുള്ള അവസരം.
- പൊതു ചർച്ചയ്ക്കും ക്രോഡീകരണത്തിനും അവസരം
- ചുറ്റുപാടുകളുമായി ബന്ധപ്പെടുത്തി ജ്യാമതിയുടെ അവതരണം.
- മതിച്ചുപറയലിനും പ്രവചനത്തിനും അവസരം

- പ്രശ്ന നിർദ്ധാരണത്തിന് വ്യത്യസ്ത മാർഗങ്ങൾ സ്വീകരിക്കാനുള്ള അവസരം
- സ്വയം വിലയിരുത്തലിനും പരസ്പര വിലയിരുത്തലിനും അവസരം.

**ഗണിതപഠനം - രണ്ടാം ക്ലാസിൽ**

ഗണിതത്തെ ഉപയോഗപ്പെടുത്തി പ്രശ്നമേഖലയുമായി ബന്ധപ്പെട്ട ആശയം രൂപീകരിക്കുന്നതോടൊപ്പം ഗണിതാശയങ്ങളുടെ രൂപീകരണവും ഗണിതപഠനത്തിലൂടെ ലക്ഷ്യമിടുന്നു. സംഖ്യാബോധം (സ്ഥാനവില, ആരോഹണം, അവരോഹണം, വ്യാഖ്യാനം, ഒറ്റഇരട്ട, കൂടുതൽ കുറവ്, മുന്നിൽ പിന്നിൽ) പാറ്റേൺ (സംഖ്യ, ചിത്രം, ജ്യാമിതീയരൂപങ്ങൾ, വസ്തു, കലണ്ടർ) ജ്യാമിതി (ചതുരം, വൃത്തം, ത്രികോണം) സങ്കലനം (തുക കാണൽ- രണ്ടക്കം + ഒരക്കം, രണ്ട് രണ്ടക്കം, മൂന്ന് രണ്ടക്കം - പുനക്രമീകരണം വരുന്നത്) വ്യവകലനം (രണ്ടക്കം - ഒരക്കം, രണ്ടക്കം - രണ്ടക്കം - പുനക്രമീകരണം ഉള്ളതും ഇല്ലാത്തതും) ഗുണനം (ആവർത്തനസങ്കലനം, പട്ടിക രൂപീകരണം 2, 5, 10) സമയം (കലണ്ടർ, മാസം, ആഴ്ച, ദിവസം) അളവുകൾ (നീളം, ഭാരം, ഉള്ളളവ് - അംഗീകൃതമല്ലാത്ത ഏകകം ഉപയോഗിച്ച്) നാണയം എന്നിവയുമായി ബന്ധപ്പെട്ട ആശയങ്ങളാണ് രൂപീകരിക്കേണ്ടത്. പ്രശ്ന നിർദ്ധാരണത്തിനും പ്രശ്നരൂപീകരണത്തിനും മനോഗണിതത്തിനുമുള്ള അവസരങ്ങൾ ഓരോ മേഖലയിലും പ്രയോജനപ്പെടുത്തണം. ഗണിതാശയ രൂപീകരണത്തിനായി പ്രവർത്തനങ്ങൾ ഒരുക്കുമ്പോൾ പ്രക്രിയാശേഷികൾ കൈവരിക്കുന്നതിനു സഹായകമായ രീതിയിലായിരിക്കണം ആസൂത്രണം നടത്തേണ്ടത്.

**പരിസരപഠന സമീപനം**

തന്റെ ചുറ്റുപാടുമുള്ള ലോകത്തെ ഏറെ കൗതുകത്തോടെയാണ് കുട്ടി നോക്കിക്കാണുന്നത്. കണ്ടും കേട്ടും അന്വേഷിച്ചറിഞ്ഞും ചെയ്തു നോക്കിയും അവൾ തന്റെ ചുറ്റുമുള്ള ഓരോന്നിനെയും കൂടുതൽ അറിയുന്നു. അന്വേഷണത്തിനു നൽകുന്ന പ്രേരണകൾ കണ്ടെത്തലുകളിലേക്കും പുതിയ അറിവിന്റെ നിർമ്മിതിയിലേക്കും നയിക്കപ്പെടുന്നു. കുട്ടിയുടെ ജിജ്ഞാസയെ ഉണർത്തി കണ്ടെത്തൽ പഠനത്തിന് അവസരമൊരുക്കുന്ന സമീപനമാണ് പരിസരപഠനത്തിൽ സ്വീകരിച്ചിരിക്കുന്നത്.

**ലക്ഷ്യങ്ങൾ**

കുട്ടികളിൽ ശാസ്ത്രബോധം വളർത്തുക, ശാസ്ത്രപഠനത്തിന്റെ പ്രവർത്തനരീതി സ്വായത്തമാക്കുക, പ്രശ്നങ്ങളുടെ പരിഹരണത്തിന് ശാസ്ത്രീയരീതി സ്വീകരിക്കുക, പരിസ്ഥിതി പ്രശ്നങ്ങളോട് ക്രിയാത്മകമായി ഇടപെടാൻ കഴിയുക, കാര്യകാരണത്തിൽ അധിഷ്ഠിതമായ യുക്തിചിന്ത വളർത്തുക.

**പരിസരപഠനത്തിൽ അനുഭവങ്ങൾ ഒരുക്കുമ്പോൾ.....**

- ജീവിതാനുഭവങ്ങളുടെ ഭാഗമായി കുട്ടി നേടിയ ആശയങ്ങളിൽ നിന്ന് പുതിയ അന്വേഷണം നടത്താനുള്ള അവസരങ്ങൾ.
- അന്വേഷണാത്മക പഠനത്തിലൂടെ അറിവിന്റെ തലത്തിനും അറിവു സമ്പാദിക്കാനുള്ള പ്രക്രിയാശേഷികളുടെ വികസനത്തിനുമുള്ള അവസരം.
- കുട്ടി നേടിയ ജ്ഞാനവും നൈപുണിയും ജീവിതത്തിലെ പ്രസക്ത സന്ദർഭങ്ങളിൽ പ്രയോഗിക്കാനുള്ള മനോഭാവവും താല്പര്യവും പ്രചോദനവും ജനിപ്പിക്കുന്ന സന്ദർഭങ്ങൾ.

- ചുറ്റുപാടുകളെ തനിക്കും സമൂഹത്തിനും അനുകൂലമാക്കി പരുവപ്പെടുത്തുന്നതിനുള്ള അറിവ് നേടുകയും പ്രയോഗിക്കുകയും ചെയ്യുന്നതിനുള്ള അവസരങ്ങൾ.
- ആശയ രൂപീകരണത്തിന് പ്രക്രിയാ നൈപുണികളുടെ ഫലപ്രദമായ ഉപയോഗം അനിവാര്യമാക്കുന്ന സന്ദർഭങ്ങൾ.
- കുട്ടിയെക്കുറിച്ചും പഠനത്തെക്കുറിച്ചുമുള്ള നവീനമായ അറിവുകൾ പ്രയോജനപ്പെടുത്തുന്ന അവസരങ്ങൾ.
- സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗത്തിനുള്ള അവസരങ്ങൾ

**പ്രക്രിയാശേഷികൾ**

പ്രക്രിയാശേഷികളെ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ആശയരൂപീകരണമാണ് പരിസരപഠനത്തിലൂടെ ലക്ഷ്യമിടുന്നത്.

പ്രൈമറിതലത്തിൽ ഊന്നൽ നൽകേണ്ട പ്രക്രിയാശേഷികൾ ഇവയാണ്.

- നിരീക്ഷണം
- ആശയവിനിമയം ചെയ്യൽ
- അളക്കൽ
- വർഗ്ഗീകരണം
- നിഗമനം രൂപീകരിക്കൽ

ഇവ കൂടാതെ പ്രക്രിയാശേഷികളുടെ പ്രാഥമിക തലങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ഉദ്ഗ്രഥിത പ്രക്രിയാശേഷികളും (Integrated process skill) പഠനപ്രശ്ന പരിഹാര പ്രവർത്തനങ്ങളിൽ പഠിതാവ് ഉപയോഗിക്കുന്നുണ്ട്.

- പരീക്ഷണത്തിലേർപ്പെടൽ
- പ്രവചിക്കൽ
- ദത്തങ്ങൾ രേഖപ്പെടുത്തൽ
- ദത്തങ്ങൽ വ്യാഖ്യാനിക്കൽ
- പ്രശ്നപരിഹാരം കണ്ടെത്തൽ
- ചോദ്യം ഉയർത്തൽ

തുടങ്ങിയ ഉദ്ഗ്രഥിത പ്രക്രിയാശേഷികൾ.

കുട്ടി ഒരു പഠന പ്രശ്ന സന്ദർഭത്തോട് പ്രതികരിക്കുന്നതു മുതൽ പഠനച്ചുമതല ഏറ്റെടുത്ത് വിവിധ സ്രോതസ്സുകളിൽ നിന്ന് വിവരം ശേഖരിച്ച് ആശയ രൂപീകരണം നടത്തുകയും പ്രതികരണങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നതുവരെ വ്യത്യസ്ത പ്രക്രിയാ നൈപുണികളാണ് വികസിച്ചു വരുന്നത്. പ്രക്രിയാശേഷികളുടെ വികാസം ഫലപ്രദമാക്കുന്നതിന് വിവിധ പഠനതന്ത്രങ്ങൾ (പരീക്ഷണം, നിരീക്ഷണം, പഠനയാത്ര, ചർച്ച, റഫറൻസ്,.....) എന്നിവയുടെ ചാക്രികമായ അനുഭവങ്ങൾ അനിവാര്യമാണ്.

### 1. നിരീക്ഷണം

പ്രക്രിയാനൈപുണികളിൽ അടിത്തറയായി നിൽക്കേണ്ട ഒന്നാണ് നിരീക്ഷണം. (observation as a central skill). സൂക്ഷ്മതലത്തിലുള്ള നിരീക്ഷണനൈപുണി മറ്റു പ്രക്രിയാ ശേഷികളുടെ (ആശയവിനിമയം, വർഗീകരിക്കൽ, നിഗമനം രൂപീകരിക്കൽ, പ്രവചിക്കൽ, അളക്കൽ....) വികസനത്തിന് അത്യന്താപേക്ഷിതമാണ്. കാഴ്ച, ഗന്ധം, രുചി, കേൾവി, സ്പർശം എന്നിവ വഴിയാണ് വിവരങ്ങൾ നാം ശേഖരിക്കുന്നത്. ഓരോ കുഞ്ഞും ഒരു വസ്തുവിനെക്കുറിച്ചോ പ്രതിഭാസത്തെക്കുറിച്ചോ അറിവ് നിർമിച്ചെടുക്കുന്നത് പഞ്ചേന്ദ്രിയങ്ങൾ വഴി ലഭിക്കുന്ന അനുഭവങ്ങളിലൂടെയാണ്. പ്രൈമറിതലത്തിൽ കുട്ടികൾക്ക് മൂർത്തമായ വസ്തുക്കളും സാഹചര്യങ്ങളും നിരീക്ഷിക്കാനവസരം ലഭിക്കേണ്ടതുണ്ട്.

പഞ്ചേന്ദ്രിയങ്ങൾ വഴി പ്രകൃതിയിലെ വസ്തുക്കൾ (ഇലകൾ, കല്ലുകൾ, ഉപകരണങ്ങൾ ചെടികൾ തുടങ്ങിയവ) ജീവജാലങ്ങൾ, പ്രകൃതി പ്രതിഭാസങ്ങൾ, സന്ദർഭങ്ങൾ/സംഭവങ്ങൾ എന്നിവയുടെ സൂക്ഷ്മമായ സവിശേഷതകളും പെരുമാറ്റവും കണ്ടെത്താൻ നിരീക്ഷണപ്രക്രിയയിലൂടെ കഴിയണം.

നിരീക്ഷണപ്രക്രിയയിൽ കാഴ്ച മാത്രം പ്രയോജനപ്പെടുത്തുന്നത് നിരീക്ഷണ നൈപുണിയെ പരിമിതപ്പെടുത്തലാണ്. ആശയരൂപീകരണ പ്രക്രിയ സമ്പുഷ്ടമാകുന്നത് ഒന്നിലധികം ഇന്ദ്രിയങ്ങൾ പ്രയോജനപ്പെടുത്തുന്നതുവഴിയാണ്. നിരീക്ഷണം ഫലപ്രദമാകണമെങ്കിൽ പ്രശ്നപരിഹരണത്തിന് നിരീക്ഷണം ആവശ്യമാണെന്ന് അനുഭവപ്പെടണം. വെറുതെ നിരീക്ഷിക്കുന്നതും ഒരു പഠനച്ചുമതലയുടെ ഭാഗമായി നിരീക്ഷിക്കുന്നതും വ്യത്യസ്തമാണ്.

### 2. ആശയം വിനിമയം ചെയ്യൽ (Communicating)

അറിവുനിർമാണപ്രക്രിയയിലെ എല്ലാ ഘട്ടത്തിലും കുട്ടികൾക്ക് നിർഭയമായി തന്റെ ആശയങ്ങൾ വാചികമായോ മറ്റു രൂപത്തിലോ ഒറ്റയ്ക്കും ഗ്രൂപ്പിലും അവതരിപ്പിക്കാൻ കഴിയണം. നിരീക്ഷണം, വർഗീകരണം, അപഗ്രഥനം, നിഗമനം, പ്രവചനം തുടങ്ങിയ പ്രക്രിയാ നൈപുണികൾ വികസിപ്പിക്കുന്ന പ്രവർത്തനങ്ങളിലെല്ലാം ഫലപ്രദമായ ആശയവിനിമയം നടക്കേണ്ടതുണ്ട്.

ശേഖരിച്ച വിവരങ്ങൾ വ്യത്യസ്തരീതിയിൽ രേഖപ്പെടുത്താൻ അവസരം നൽകണം. ചിത്രങ്ങൾ, പട്ടികകൾ, ഗ്രാഫുകൾ, Map കൾ, ചാർട്ടുകൾ, മാതൃകകൾ, കുറിപ്പുകൾ, വിവരണങ്ങൾ, ഫോട്ടോകൾ എന്നിവ ഇതിനായി പ്രയോജനപ്പെടുത്താം.

### 3. വർഗീകരണം (Classification)

നിരീക്ഷണത്തെ തുടർന്ന് ശേഖരിച്ച വസ്തുക്കൾ, ആശയങ്ങൾ എന്നിവയുടെ ക്രമീകരണം നടത്തേണ്ടതുണ്ട്. വസ്തുക്കളിലും ആശയങ്ങളിലുമുള്ള സമാനതകൾ (similarities) വ്യത്യസ്തതകൾ (differences), പരസ്പരബന്ധങ്ങൾ (Inter-relationship) എന്നിങ്ങനെ തരംതിരിക്കാനുള്ള നൈപുണി കുട്ടികളിൽ വികസിപ്പിക്കേണ്ടതുണ്ട്. സവിശേഷതകളുടെ അടിസ്ഥാനത്തിലുള്ള താരതമ്യമാണ് വർഗീകരണത്തിലേക്ക് നയിക്കുന്നത്. ലളിതമായ തരംതിരിവുമുതൽ സൂക്ഷ്മമായ ഉപവിഭാഗങ്ങൾ കണ്ടെത്തൽവരെ ഇതിൽ ഉൾപ്പെടുന്നു.

### 4. അളക്കൽ (Measuring)

നിരീക്ഷണപ്രക്രിയയുടെ ഭാഗമായി ശേഖരിച്ച വിവരങ്ങൾ വിശദീകരിക്കാൻ വേണ്ടി പലതരത്തിലുള്ള അളവുകളിൽക്കൂടി കുട്ടി കടന്നുപോകും. ഏകദേശഅളവുകളും സൂക്ഷ്മമായ അള

വുകളും ഉപയോഗിക്കേണ്ടതായിവരും. നീളം, സമയം, ഉയരം, ഭാരം, ഉള്ളളവ് തുടങ്ങി പലതരം അളവുകൾ കൈകാര്യം ചെയ്യാനുള്ള ശേഷി കുട്ടികൾക്കുണ്ടാകണം.ഇവിടെയും ഒരു പ്രശ്നപരിഹാരത്തിന്റെ ഭാഗമായിട്ടായിരിക്കണം അളക്കൽ എന്ന പ്രക്രിയയിൽ ഉള്ള പ്രവർത്തനം നൽകേണ്ടത്.

### 5. നിഗമനം രൂപീകരിക്കൽ (Drawing conclusion)

ഒരു പഠനപ്രശ്നത്തിന്റെ പൂർത്തീകരണത്തിനായി നിരീക്ഷണം നടത്തുകയും ശേഖരിച്ച വിവരങ്ങളെ വിശകലനംചെയ്തു നിഗമനം രൂപീകരിക്കുകയും ചെയ്യുന്ന പ്രക്രിയയാണല്ലോ ആശയരൂപീകരണഘട്ടത്തിൽ നടക്കുന്നത്. നിഗമനം രൂപീകരിക്കുന്ന പ്രക്രിയ ഫലപ്രദമാകണമെങ്കിൽ വിവരശേഖരണ പ്രക്രിയ, ശേഖരിച്ച വിവരങ്ങളുടെ രേഖപ്പെടുത്തൽ അവയുടെ അപഗ്രഥനം എന്നിവയുടെ ചിട്ടയായ ആസൂത്രണം നടക്കണം.

രൂപീകരിച്ച/കണ്ടെത്തിയ നിഗമനം പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കാനും അതുവഴി നിഗമനം മെച്ചപ്പെടുത്താനും ഉള്ള അവസരം അറിവു നിർമാണ പ്രക്രിയയിലൂടെ പഠിതാവിന് ലഭിക്കണം.

നല്ല അപഗ്രഥനശേഷിയുണ്ടെങ്കിലേ യുക്തമായ നിഗമനത്തിലെത്താനാവൂ. ഇതിനായി കുട്ടികൾ ശേഖരിക്കുന്ന വിവരങ്ങൾ എങ്ങനെയെല്ലാം അപഗ്രഥിക്കണമെന്ന മുൻധാരണയുണ്ടാകണം. ഇതിനുയോജിച്ച ചിന്തോദ്ദീപകമായ ചോദ്യങ്ങൾ അധ്യാപിക ചോദിക്കണം. ക്രമേണ ഉയർന്ന രീതിയിലുള്ള നിഗമനരൂപീകരണശേഷി വികസിച്ചുവരണം. കുട്ടികളുടെ നിഗമനങ്ങൾ പങ്കുവെയ്ക്കാനും ഇവ കൂടുതൽ മെച്ചപ്പെടുത്തുന്ന രീതിയിലും ആയിരിക്കണം അധ്യാപികയുടെ ഇടപെടൽ. കണ്ടെത്താനുള്ള അവസരം കുട്ടികൾക്ക് നൽകുന്നതിനുപകരം ടീച്ചർതന്നെ നിഗമനങ്ങൾ പറയുന്നത് കുട്ടിയുടെ കണ്ടെത്തൽശേഷിയെ പരിമിതപ്പെടുത്തുകയാണ് ചെയ്യുന്നത്.

### .പരീക്ഷണത്തിലേർപ്പെടൽ (Experimenting)

ശാസ്ത്രാന്വേഷണത്തിന്റെ പഠനോപാധിയായാണ് പരീക്ഷണത്തിലേർപ്പെടലിനെ കണക്കാക്കുന്നത്. താൽപര്യത്തോടെ നിരീക്ഷിച്ച കാര്യങ്ങളെപ്പറ്റി പരികൽപനകൾ രൂപീകരിക്കൽ, ഇവ പരിശോധിക്കാനുള്ള മാർഗം ആവിഷ്കരിക്കൽ, ഫലങ്ങൾ രേഖപ്പെടുത്തൽ, അവയെ വ്യാഖ്യാനിക്കൽ, നിഗമനങ്ങൾ രൂപീകരിക്കൽ തുടങ്ങിയ പ്രക്രിയകൾ ഇതിൽപ്പെടുന്നു. ഉദ്ഗ്രഥിത പ്രക്രിയാശേഷിയായിട്ടാണ് ശാസ്ത്രാന്വേഷണത്തിൽ പരീക്ഷണത്തിലേർപ്പെടലിനെ പരിഗണിക്കുന്നത്. പ്രൈമറി ക്ലാസിൽ അടിസ്ഥാന പ്രക്രിയാശേഷികൾക്കാണ് പ്രാധാന്യം നൽകുന്നതെങ്കിലും പരീക്ഷണങ്ങൾക്കും ഊന്നൽ ലഭിക്കേണ്ടതുണ്ട്.

### പരിസരപഠനം - രണ്ടാം ക്ലാസിൽ

പ്രശ്ന മേഖലയുമായി ബന്ധപ്പെട്ട ആശയങ്ങൾക്ക് പരിസരപഠനവുമായാണ് കൂടുതൽ ബന്ധം. അതുകൊണ്ടുതന്നെ പ്രത്യേകമായി വിഷയാശയങ്ങൾ പരാമർശിക്കേണ്ടതില്ല. പ്രക്രിയാശേഷികൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ആശയരൂപീകരണം സാധ്യമാക്കുക എന്നതാണ് പരിസരപഠന മോഡ്യൂളിലൂടെ ചെയ്യുന്നത്. ഇവിടെ ആശയരൂപീകരണത്തോടൊപ്പം പ്രക്രിയാശേഷികളുടെ വികാസവും നടക്കുന്നു.

### കലാ കായിക പ്രവൃത്തി പരിചയം

ഉദ്ഗ്രഥിത പാഠ്യപദ്ധതിയിൽ കലാകായിക പ്രവൃത്തിപരിചയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിവിധ വിഷയങ്ങളോടൊപ്പം നടക്കുന്നവിധത്തിലാണ് ആസൂത്രണം ചെയ്തിരിക്കുന്നു. ഒരു ആശയരൂപീകരണത്തെ ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളുടെ ഇടയ്ക്ക് കലാകായിക പ്രവൃത്തി പരിചയ സാധ്യതകൾ കണ്ടെന്നുവരാം എന്നാൽ ആശയരൂപീകരണ പ്രവർത്തനങ്ങളുടെ തുടർച്ചയ്ക്കും ചിന്തയുടെ നൈരന്തര്യത്തിനു തടസം സൃഷ്ടിച്ചുകൊണ്ട് ഈ പ്രവർത്തങ്ങൾ ചെയ്യുന്ന രീതി ഉചിതമല്ല. പ്രവർത്തന സാധ്യതകളുടെ സ്ഥാനങ്ങളിൽ നിശ്ചിത ആശയരൂപീകരണം പൂർത്തിയാക്കിയ ശേഷമോ മോഡ്യൂൾ തുടങ്ങുന്നതിനു മുമ്പോ ഇത്തരം പ്രവർത്തനങ്ങൾ ചെയ്യുന്നതായിരിക്കുനന്ന്. ഒരു പ്രശ്നാശയത്തോടൊപ്പം കലാകായിക പ്രവൃത്തി പരിചയ ഇനങ്ങളിൽ ഏതെങ്കിലുമായി ബന്ധപ്പെട്ട ആശയരൂപീകരണത്തിനു സാധ്യതയുണ്ടെങ്കിൽ അത് നിശ്ചിത പ്രശ്നാശയവുമായി ബന്ധപ്പെട്ട മോഡ്യൂളായി തന്നെ ആസൂത്രണം ചെയ്യാവുന്നതാണ്.

### ഉദ്ഗ്രഥിത സമീപനം

ജീവിതത്തിലനുഭവപ്പെടുന്ന പ്രശ്നങ്ങളെ പലകോണുകളിലൂടെ സമീപിക്കുക, പ്രശ്നങ്ങളെ വിശകലനം ചെയ്തു കാരണങ്ങൾ കണ്ടെത്തുക. പരിഹാരമാർഗങ്ങൾ അന്വേഷിക്കുക, പ്രശ്നം പരിഹരിക്കുക ഇവയ്ക്കുള്ള കഴിവാണ് ആത്യന്തികമായി വിദ്യാഭ്യാസത്തിലൂടെ നേടേണ്ടത്. താൻ ജിവിക്കുന്ന സമൂഹത്തിലെ നാനാതരം പ്രശ്നങ്ങൾ, അവയുടെ പരസ്പരബന്ധം, അവ മൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങൾ ഇവ തിരിച്ചറിയുകയും ഒപ്പം അവയെ ഫലപ്രദമായി നേരിടാനുള്ള ബഹുവിധമായ കഴിവുകളും മനോഭാവങ്ങളും നേടുകയും വേണം. സാമൂഹിക പ്രശ്നങ്ങളിൽ നിന്നു വേർപെടുത്തി പഠിക്കാൻ അവസരം ഒരുക്കുന്നതിനേക്കാൾ കാര്യക്ഷമമായത് വിജ്ഞാനവിഭാഗങ്ങളെ അവയുടെ സാമൂഹിക സന്ദർഭങ്ങളുമായി ബന്ധപ്പെടുത്തി സമഗ്രമായി അവതരിപ്പിക്കുന്നതാണ്.

വിഷയങ്ങളുടെ പരസ്പരബന്ധം കണ്ടെത്തുന്നതിനും പഠനമേഖലയെ സമഗ്രമായി ഉൾക്കൊള്ളുന്നതിനും ഉദ്ഗ്രഥിത സമീപനമാണ് അഭികാമ്യം. ഒരേ കാര്യം തന്നെ പല വിഷയങ്ങളിലൂടെ പലതവണ പഠിക്കേണ്ടിവരുന്നതിലൂടെയുള്ള ആവർത്തനം ഒഴിവാക്കാൻ ഉദ്ഗ്രഥിത രീതി സഹായിക്കുന്നു. ഉദ്ഗ്രഥിത പാഠ്യപദ്ധതി കുട്ടികൾക്ക് ഉയർന്ന തലത്തിലുള്ള ചിന്തയ്ക്കു സാധ്യതയൊരുക്കുന്നു. മനുഷ്യമസ്തിഷ്കത്തെക്കുറിച്ചുള്ള പഠനങ്ങളിൽ ഏറ്റവും നൂതനമായ കണ്ടെത്തൽ തലച്ചോറിൽ 100 ട്രില്യനിലധികം ന്യൂറോൺ ബന്ധങ്ങൾ ഉണ്ടെന്നാണ്. ശിശുവിന്റെ തലച്ചോറ് ന്യൂറോൺ ബന്ധങ്ങൾ സൃഷ്ടിക്കപ്പെടാൻ വേണ്ടി കാത്തിരിക്കുകയാണ്. പഠനം നടക്കുമ്പോൾ യഥാർത്ഥത്തിൽ ഈ ന്യൂറോണുകളുടെ വലക്കണ്ണികൾ രൂപപ്പെടുകയാണ് ചെയ്യുന്നത്. ഇതു കൂടുതൽ ദൃഢമാകുന്നത് ശക്തവും സമഗ്രവുമായ അനുഭവങ്ങൾ ലഭിക്കുമ്പോഴാണ്. ഇതിനു ഉദ്ഗ്രഥിതരീതി ഏറെ സഹായിക്കുന്നു. ബഹുമുഖബുദ്ധിയുടെ (Multiple Intelligence) വികാസത്തിനും ഉദ്ഗ്രഥിത രീതിയിലുള്ള അനുഭവങ്ങളാണ് സഹായകരമാകുന്നത്.

### ഉദ്ഗ്രഥനം - രണ്ടാം ക്ലാസിൽ

പ്രശ്നാധിഷ്ഠിത സമീപനത്തിന് പ്രാധാന്യം നൽകുന്ന പാഠ്യപദ്ധതി പ്രശ്നമേഖലയിലെ ഉപപ്രശ്നങ്ങളുമായി ബന്ധപ്പെട്ട ഒട്ടേറെ ആശയങ്ങളുടെ രൂപീകരണം ലക്ഷ്യമിടുന്നു. ഒരു ഉപപ്രശ്നത്തെ അടിസ്ഥാനമാക്കി രൂപീകരിക്കേണ്ട ആശയങ്ങൾ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ടതായിരിക്കും. ഉപപ്രശ്നത്തെ സംബന്ധിച്ച സമഗ്രമായ ധാരണ കിട്ടുന്നതിനും പ്രതികരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും ഉപപ്രശ്നത്തെ ആധാരമാക്കിയുള്ള എല്ലാ ആശയങ്ങ

ളുടെയും രൂപീകരണം സാധ്യമാകേണ്ടതുണ്ട്. വിവിധ വിഷയങ്ങളുടെ സാധ്യതകൾ പ്രയോജന പ്പെടുത്തി രൂപീകരിക്കേണ്ട ആശയങ്ങൾ ആയതുകൊണ്ടുതന്നെ വിഷയങ്ങളുടെ വേർതിരിവോടെ വ്യത്യസ്ത സന്ദർഭങ്ങളിൽ അനുഭവം ഒരുക്കികൊടുക്കുന്നത് പ്രയോജനകരമല്ല. ആശയങ്ങളുടെ ക്രമാനുഗതമായ തുടർച്ച അനുഭവപ്പെടുന്നതരത്തിൽ ഈ ഉപപ്രശ്നങ്ങളിലധിഷ്ഠിതമായ എല്ലാ ആശയങ്ങളും രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കുന്നതായിരിക്കും ഉചിതം. ഇവിടെ ആശയങ്ങൾ കണ്ണിചേർക്കുന്നതോടെ വിവിധ വിഷയങ്ങളുടെ ഉദ്ഗ്രഥനമാണ് സാധ്യമാകുന്നത്.

**ആഖ്യാനം- ഭാഷാപഠനത്തിൽ**

കഥകൾ കേൾക്കാൻ ഏറെ ഇഷ്ടമുള്ളവരാണ് കുട്ടികൾ. കഥയിൽ അവർക്കുകൂടി പങ്കാളി ത്തമുണ്ടെങ്കിലോ? കുട്ടിയെ കഥയോടൊപ്പംകൊണ്ടുപോകുന്നതിന് ഈ പങ്കാളിത്തം ഇടനൽകു ന്നു. കഥയെ മുന്നോട്ടു നയിക്കുന്നത് കഥയിൽ ഉൾച്ചേർന്നുവരുന്ന ചില സംഭവങ്ങളാണ്. കഥ യുടെ മുന്നോട്ടുള്ള പോക്കിനിടയിൽ ഉണ്ടാകുന്ന സംഭവങ്ങൾ ആകാംക്ഷ ജനിപ്പിക്കാൻ വഴി നൽകും. അടുത്തതായി എന്തായിരിക്കും സംഭവിക്കാൻ പോകുന്നതെന്ന ജിജ്ഞാസയോടൊപ്പം ഉള്ളിൽ ചില ചിന്തകളും ഈ സന്ദർഭത്തിൽ നടക്കും. താൻ ചിന്തിച്ചതു തന്നെയാണ് കഥയിൽ അടുത്തതായി സംഭവിക്കുന്നതെങ്കിൽ തുടർന്നു കേൾക്കുന്നതിനും ചിന്തിക്കുന്നതിനും കൂടു തൽ പ്രേരണ നൽകും.

ആഖ്യാനം എന്നത് സംഭവങ്ങളുടെ രേഖീയമായ അവതരണമോ വ്യവസ്ഥാപിതരീതിയി ലുള്ള കഥകളോ അല്ല. വിചാരങ്ങളും വികാരങ്ങളുമുള്ള കഥാപാത്രങ്ങളുടെ ജീവിതമാണത്. ചെറുപ്രായത്തിലുള്ള കുട്ടികൾക്കു വേണ്ടി തയാറാക്കുന്ന ആഖ്യാനങ്ങളിൽ ഫാന്റസിയുടെ അംശ ങ്ങൾ കടന്നുവരാം. ഒരു ബോധനരൂപം എന്നനിലയിൽ ഭാഷാപരമോ സാംസ്കാരികമോ മാന സികമോ ആയ ഒരു തടസ്സവും സൃഷ്ടിക്കാത്തരീതിയിൽ ചിട്ടപ്പെടുത്തിയതാകണം മികച്ച ആഖ്യാ നം. അതുകൊണ്ടുതന്നെ കുട്ടിയുടെ അനുഭവത്തിനപ്പുറമുള്ള ആശയങ്ങൾക്ക് ആഖ്യാനത്തിൽ സ്ഥാനമില്ല. കുട്ടിയെ വൈകാരികമായി ഉദ്ദീപിപ്പിക്കുകയും അവന്റെ മനസ്സിൽ വൈകാരിക മനോ ചിത്രങ്ങൾ സൃഷ്ടിക്കുകയുമാണ് ആഖ്യാനത്തിന്റെ ലക്ഷ്യം.

നമ്മുടെ മനസ്സിൽ ഭാഷാനുഭവങ്ങൾ ദീർഘകാലം നിലനിൽക്കുന്നത് വൈകാരിക മനോ ചിത്രങ്ങളായിട്ടാണ് (emotional gestalts). കുട്ടിയുടെ മനസ്സിൽ അത്തരം മനോചിത്രങ്ങൾ സൃഷ് ടിക്കാനാണ് ആഖ്യാനത്തിലൂടെ അധ്യാപിക ശ്രമിക്കേണ്ടത്.

ഒരു സംഭവം/കഥ അതിന്റെ സൂക്ഷ്മാംശത്തോടെ ആഖ്യാനരൂപത്തിൽ കുട്ടികളുടെ മുമ്പാകെ അവതരിപ്പിക്കുകയും കുട്ടിയെ ചിന്തിപ്പിക്കുന്നതിനു സഹായകമായ മുഹൂർത്തങ്ങൾ ഒരുക്കി ക്കൊണ്ട് പ്രതികരിക്കാൻ അവസരം നൽകുകയും ചെയ്യുകയാണ് അധ്യാപിക ചെയ്യേണ്ടത്. ആഖ്യാ നത്തിലൂടെ കഥയുടെ/ സംഭവത്തിന്റെ സൂക്ഷ്മാംശത്തിലേക്കു പോകുമ്പോൾ അവിടെ വിവിധ വിഷയങ്ങളുടെ പ്രവർത്തന സാധ്യതകൾ സ്വാഭാവികമായിത്തന്നെ തെളിഞ്ഞു വരും.

**ആഖ്യാനത്തിന്റെ മെച്ചങ്ങൾ**

- കുട്ടിയുടെ താൽപര്യം നിലനിർത്തുന്നു.
- വിവ്രജനചിന്തയെ ഉണർത്തുന്നു. (Divergent thinking)
- ഭാഷയുടെ ഉൽപാദനം നടക്കുന്നു.
- പ്രവർത്തനങ്ങളെ കണ്ണിചേർക്കാൻ കഴിയുന്നു.
- വിവിധ വിഷയങ്ങളുടെ ഉദ്ഗ്രഥനം സ്വാഭാവികമാവുന്നു.

- ഭാഷയെ അതിന്റെ സമഗ്രതയിൽ കാണാനാവുന്നു.
- ബുദ്ധിയുടെ ബഹുമുഖ തലങ്ങളെ (MI) ഉദ്ദീപിപ്പിക്കുന്ന പ്രവർത്തനങ്ങളെ സ്വാഭാവികമായി ഉൾക്കൊള്ളുന്നു.
- ഭാഷയുടെ എല്ലാതരത്തിലുമുള്ള വൈവിധ്യങ്ങളെ (വാക്യഘടന, വ്യവഹാരരൂപങ്ങൾ, വാക്യമാതൃകകൾ...) സ്വാഭാവികമായി പരിചയപ്പെടാനാവുന്നു.
- വിവിധ ശേഷികളെ ഉദ്ഗ്രഥിക്കാനാവുന്നു.
- കുട്ടിയുടെ ഭാവനയെയും സർഗാത്മകതയെയും ഉണർത്തുന്നു.
- ആഖ്യാനത്തിന്റെ അവതരണത്തിനിടയിൽ അധ്യാപിക സൃഷ്ടിക്കുന്ന 'ആഖ്യാനവിടവുകൾ', വ്യവഹാരരൂപങ്ങളുടെ നിർമ്മിതിയിലേക്ക് നയിക്കുന്നു.

**മോഡ്യൂൾ**

ആശയരൂപീകരണത്തിനായി ഒരുക്കുന്ന പ്രവർത്തനങ്ങളുടെ പാക്കേജാണ് മോഡ്യൂൾ. യൂണിറ്റിലുള്ള പ്രശ്നാശയങ്ങളെ അടിസ്ഥാനമാക്കിയാണ് മോഡ്യൂൾ തയാറാക്കുന്നത്. ഓരോ പ്രശ്നാശയത്തിനും ഒരു മോഡ്യൂൾ വീതമുണ്ടാകും. ഓരോ മോഡ്യൂളിലും പ്രശ്നാശയരൂപീകരണത്തോടൊപ്പം വിഷയാശയങ്ങളുടെ രൂപീകരണവും ലക്ഷ്യമിടുന്നു. നിശ്ചിതപ്രശ്നാശയം രൂപപ്പെടുന്നതിന് ഏത് വിഷയത്തിന്റെ സാധ്യതകളെയാണോ പ്രയോജനപ്പെടുത്തുന്നത് ആ വിഷയവുമായി ബന്ധപ്പെട്ട ആശയങ്ങളുടെ രൂപീകരണത്തിനുള്ള പ്രവർത്തനങ്ങളും മോഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ടാകും. അറിവു നിർമാണ പ്രക്രിയ പരിഗണിച്ചും ചിന്തയുടെ നൈരന്തര്യം ഉറപ്പാക്കിയുമാണ് മോഡ്യൂളിൽ പ്രവർത്തനങ്ങൾ വിന്യസിക്കുന്നത്. ഓരോ മോഡ്യൂളിലും ഏറ്റെടുക്കേണ്ട പഠനപ്രശ്നം, ജ്ഞാന നിർമ്മിതിയുടെ സൂക്ഷ്മ പ്രക്രിയ, വിലയിരുത്തൽ സന്ദർഭങ്ങൾ എന്നിവ വിശദമാക്കണം. മോഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവർത്തനങ്ങൾ പാഠപുസ്തകത്തിലും അധ്യാപക സഹായിയിലുമായിട്ടാകും വിന്യസിച്ചിരിക്കുന്നത്.

**മോഡ്യൂളിന്റെ സവിശേഷതകൾ**

- ഓരോ മോഡ്യൂളിലും സുപ്രധാനമായ പഠനാംശങ്ങൾ ഉണ്ടാവും. ഇത് വിവിധ പഠനപ്രവർത്തനങ്ങളിലൂടെയാണു കുട്ടി ആർജിക്കുക.
- ഓരോ മോഡ്യൂളിനും സ്വതന്ത്രമായ നിലനില്പും സ്വയം സമ്പൂർണ്ണതയുമുണ്ടാകും.
- നിശ്ചിത ആശയം രൂപപ്പെടാൻ സഹായകമായ വിധത്തിലാവും മോഡ്യൂൾ രൂപകല്പന ചെയ്തിട്ടുള്ളത്.
- ഒരു മോഡ്യൂളിൽ ഏതെങ്കിലും ഒരു വിഷയത്തിന് ഊന്നൽ നൽകിയിരിക്കും. നിശ്ചിത വിഷയവുമായി ബന്ധപ്പെട്ട ആശയരൂപീകരണം ആ മോഡ്യൂളിലൂടെ ലക്ഷ്യമിടുന്നുണ്ട്.
- ഒരു തീമിനെ അടിസ്ഥാനമാക്കി പാഠം തയ്യാറാക്കിയിരിക്കുന്നതുകൊണ്ടു തന്നെ മോഡ്യൂളുകൾ തമ്മിൽ പരസ്പര ബന്ധം ഉണ്ടാകും.
- മൊഡ്യൂളുകൾക്ക് അനുബന്ധപ്രവർത്തനങ്ങൾ ആവാം.

**പാഠപുസ്തകം**

എട്ട് പ്രശ്ന മേഖലകളിൽ നിന്നുള്ള ഉപപ്രശ്നങ്ങളെ അടിസ്ഥാനമാക്കി പതിനഞ്ച് യൂണിറ്റുകളായാണ് പാഠപുസ്തകം തയാറാക്കിയിരിക്കുന്നത്. ഒരു മേഖലയ്ക്കുതന്നെ ഒന്നിലധികം

യൂണിറ്റുകൾ ഉൾപ്പെട്ടുവന്നിരിക്കുന്നു. ആശയരൂപീകരണത്തിലേക്ക് നയിക്കുന്ന വിവിധ വ്യവഹാര രൂപങ്ങളും അന്വേഷണത്തിലേക്കും വിവരശേഖരണത്തിലേക്കും നയിക്കുന്നതിനു സഹായകമായ സന്ദർഭങ്ങളും വൈവിധ്യമാർന്ന ഗണിത പ്രശ്നങ്ങളും പാഠഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട് പ്രശ്ന പരിഹരണത്തിന് ആവശ്യമായ വിവരങ്ങൾ ശേഖരിച്ച് എഴുതാനും രൂപീകരിച്ച നിഗമനങ്ങളൾ രേഖപ്പെടുത്താനുമുള്ള ഇടം പാഠപുസ്തകത്തിൽ ഒരുക്കിയിരിക്കുന്നു. വ്യത്യസ്ത ആശയരൂപീകരണം ലക്ഷ്യംവച്ചുള്ള പ്രവർത്തനങ്ങൾ ഓരോ പാഠത്തിലും ഉണ്ട് പ്രവർത്തനങ്ങൾ തമ്മിൽ പരസ്പരം കണ്ണിചേർത്ത് പോകുന്ന വിധത്തിലാണ് പാഠഭാഗം ചിട്ടപ്പെടുത്തിയിരിക്കുന്നത്.

**അധ്യാപക സഹായി**

ആശയരൂപീകരണം സാധ്യമാകുന്നതിനുതകുന്ന ക്ലാസ്റും. പ്രക്രിയ എന്താണെന്നു വ്യക്തമാക്കുന്ന വിധത്തിലാണ് അധ്യാപക സഹായി തയാറാക്കിയിരിക്കുന്നത്. എട്ട് പ്രശ്നമ്മേഖലകളുടെ സിലബസ്ഗ്രിഡ് സമഗ്രമായി ആമുഖഭാഗത്ത് കൊടുത്തിരിക്കുന്നു ഓരോ യൂണിറ്റിലൂടെയും ലക്ഷ്യമിടുന്നകാര്യങ്ങൾ അതാത് യൂണിറ്റിന്റെ ആരംഭത്തിൽ ചുരുക്കി പറഞ്ഞിരിക്കുന്നു. യൂണിറ്റിൽ ഊന്നൽ നൽകിയിരിക്കുന്ന ആശയങ്ങളും ആശയരൂപീകരണത്തിനു സ്വീകരിക്കുന്ന പ്രക്രിയയും അതിന്റെ ഭാഗമായി ഉണ്ടാകുന്ന പ്രകടിത രൂപവും വിലയിരുത്തൽ രീതിയും ബോധ്യപ്പെടുത്തുന്ന തരത്തിൽ യൂണിറ്റ് സമഗ്രാസൂത്രണം ഓരോ പാഠത്തോടുമൊപ്പം നൽകിയിട്ടുണ്ട്. പ്രക്രിയഭാഗം മോഡ്യൂളുകളായാണ് തയാറാക്കിയിരിക്കുന്നത് ആശയരൂപീകരണം നടക്കുന്ന വിധത്തിൽ പാഠപുസ്തകത്തിലെ പ്രവർത്തനങ്ങളും മറ്റു പ്രവർത്തനങ്ങളും ആഖ്യാനത്തിൽ പിൻബലത്തോടെ ശൃംഖലിതമായിട്ടാണ് മോഡ്യൂളിൽ കൊടുത്തിരിക്കുന്നത്. പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിശദാംശങ്ങൾ അധ്യാപക സഹായിയിൽ നൽകിയിട്ടുണ്ട്. തീമുമായി ബന്ധപ്പെട്ട് ചില പ്രവർത്തനങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു. ഇവ ഓരോ മോഡ്യൂളിനും മുമ്പോ ശേഷമോ ആയിരിക്കും ഉൾപ്പെടുത്തിയിരിക്കുന്നത്.

**വായന**

പാഠഭാഗമായി വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ പാഠവും കുട്ടി സ്വന്തമായി വായിക്കണം എന്നതാണ് ലക്ഷ്യം. വായനയിലേക്ക് കുട്ടിയെ നയിക്കാൻ സഹായകമായ സന്ദർഭങ്ങൾ സൃഷ്ടിക്കുന്നത് സ്വാഭാവിക വായനയ്ക്ക് ഇട നൽകും. പാഠഭാഗമായി ഉൾപ്പെടുത്തിയിരിക്കുന്ന വായനാസാമഗ്രി പ്രശ്നാശയ രൂപീകരണവും പ്രശ്നാവതരണ സന്ദർഭവും ഒരുക്കുന്നവയാണ്. പാഠഭാഗത്തിലെ ആശയങ്ങൾ പൂർണമായി ഗ്രഹിക്കുന്നതിന് പലതവണ വായനാസാമാഗ്രിയിലൂടെ കടന്നുപോകേണ്ടതുണ്ട്. ഓരോ വായനയും ഓരോ ആവശ്യത്തിനു വേണ്ടിയാകുമ്പോഴാണ് താല്പര്യപൂർവം കുട്ടി വായിക്കുന്നത്. അതുകൊണ്ട് വായനയ്ക്ക് വ്യത്യസ്ത സന്ദർഭങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്. വ്യക്തിഗതവായനയും സംഘവായനയും മാതൃകാ വായനയും ആവശ്യമായി വരാം. വൈവിധ്യമാർന്ന മുഹർത്തങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഓരോ വായനയും അർത്ഥപൂർണമാക്കണം .

**വിലയിരുത്തൽ**

നിശ്ചയിച്ചിരിക്കുന്ന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിൽ പഠിതാവും അധ്യാപികയും എത്രമാത്രം പുരോഗതി നേടി എന്ന് അളക്കലാണ് വിലയിരുത്തൽ പ്രകിയയുടെ ലക്ഷ്യം. പഠനത്തിന്റെ ഭാഗമായി കുട്ടിക്ക് പലതും നേടാനാവുന്നുണ്ട് എന്ന മനോഭാവം സൃഷ്ടിച്ചുകൊണ്ട് അവരെ പ്രോത്സാഹിപ്പിക്കുക എന്നത് വിലയിരുത്തലിലൂടെ നടക്കണം. സ്വന്തം ശക്തിദൗർബല്യങ്ങൾ

തിരിച്ചറിഞ്ഞ് മുന്നേറാനും സ്വയം വിമർശനാത്മകായി കാര്യങ്ങളെ നോക്കിക്കാണാനും കൃത്യമായ ലക്ഷ്യം മുൻനിർത്തി പ്രവർത്തനങ്ങൾ ആത്മവിശ്വാസത്തോടെ ഏറ്റെടുക്കാനും കുട്ടിക്ക് കഴിവുണ്ടാകുന്നതിന് സ്വയം വിലയിരുത്തലിനുള്ള അവസരങ്ങൾ സഹായകമാകും.

ആരോഗ്യകരമായ രീതിയിൽ തങ്ങളുടെ സൃഷ്ടിയെകുറിച്ച് ചെറു സംഘങ്ങളായി ഇരുന്ന് പരസ്പരം ചർച്ച ചെയ്യുന്നത് ഏറെ നല്ലതാണ്. മറ്റൊരാളുടെ രചനയെ സ്വന്തം രചനയുമായി തട്ടിച്ചുനോക്കുന്നതിനും മറ്റുള്ളവർ തന്റെ രചനയെ എങ്ങനെ നോക്കിക്കാണുന്നു എന്ന് അറിയുന്നതിനും സഹായകമായ പരസ്പര വിലയിരുത്തലും കുട്ടിക്ക് പഠനത്തിൽ മുന്നേറാൻ ഇടനൽക്കും. സ്വാഭാവിക സാഹചര്യങ്ങളിൽ കുട്ടിയുടെ കഴിവുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാൻ അധ്യാപിക ശ്രമിക്കേണ്ടതുണ്ട്. കുട്ടിയുടെ പുരോഗതി വിലയിരുത്തി പ്രതീക്ഷിത നിലവാരത്തിൽ ഓരോ കുട്ടിയേയും എത്തിക്കുന്നതിന് അധ്യാപികയുടെ വിലയിരുത്തലും അനിവാര്യമാണ്.

### എഡിറ്റിംഗ്

ഭാഷാപ്രയോഗത്തിന്റെ കാര്യത്തിൽ കുട്ടികൾക്ക് ഒട്ടേറെ പിശകുകൾ ഉണ്ടാകാറുണ്ട്. തെറ്റുകൾ പഠനത്തിന്റെ ഭാഗമാണ്. കുട്ടികൾ വരുത്തുന്ന തെറ്റുകൾ പഠനം നടക്കുന്നു എന്നതിന്റെ തെളിവാണ്. എന്നിരുന്നാലും ഈ തെറ്റുകൾ തിരുത്തപ്പെടേണ്ടതാണ്. തെറ്റുകൾ തിരുത്തുന്നതിലുള്ള സമീപനത്തിനാണു പ്രാധാന്യം. തെറ്റുകൾ കാണുമ്പോൾതന്നെ തിരുത്തുന്നതിലുപരി സൃഷ്ടിപരമായ ഒരു സമീപനമാണു സ്വീകരിക്കേണ്ടത്.

താൻ എഴുതിയത് തെറ്റാണെന്നു കുട്ടിയോടുതന്നെ പറയുമ്പോൾ അത് അവന്റെ ആത്മവിശ്വസത്തെ തകർക്കുന്നു. ഭാഷാപ്രകടിതരൂപങ്ങളിൽ ഏർപ്പെടുന്നതിൽ നിന്ന് അവൻ പിന്നോട്ടു പോകുന്നു. അതുകൊണ്ടുതന്നെ വ്യക്തിപരമായി വരുത്തുന്ന തെറ്റുകൾ മാർക്കുചെയ്യുകയോ മറ്റുള്ളവരുടെ മുമ്പാകെ തുറന്നുകാട്ടുകയോ ചെയ്യുന്നത് അഭികാമ്യമല്ല. കുട്ടികൾ, ഗ്രൂപ്പ് പ്രവർത്തനത്തിന്റെ ഭാഗമായി ഉണ്ടാക്കുന്ന ഉല്പന്നങ്ങളിൽ വരുത്തുന്ന തെറ്റുകൾ ക്ലാസിൽ പൊതുവായി അവതരിപ്പിക്കുകയും എന്താണോ തെറ്റ് അതിലേക്കു കുട്ടിയുടെ ശ്രദ്ധക്ഷണിക്കുകയും ബദലുകൾ നിർദ്ദേശിക്കുന്നതിന് അവസരമൊരുക്കുകയും ചെയ്യുന്ന സമീപനമാണു ഭാഷാപരമായ പിശകുകൾ പരിഹരിക്കുന്നതിന് എഡിറ്റിംഗ് പ്രക്രിയയിലൂടെ സ്വീകരിക്കുന്നത്.

### ലേഖനത്തിൽ വരുത്തുന്ന തെറ്റുകൾ

രണ്ടാം ക്ലാസിൽ പ്രധാനമായും ആശയതലത്തിലും വാക്യഘടനയിലും പദഘടനയിലും അക്ഷരം, ചിഹ്നം എന്നിവയിലും കുട്ടികൾ വരുത്തുന്ന തെറ്റുകളാണു തിരുത്തേണ്ടത്.

♦ **ആശയം**

നിശ്ചിത വ്യവഹാരരൂപത്തിൽ എന്തെല്ലാം ആശയങ്ങളാണോ ഉൾച്ചേർന്നു വരേണ്ടത് അതിൽ എത്ര മാത്രം അപൂർണ്ണതയുണ്ട് എന്നതിനെ അടിസ്ഥാനമാക്കിയായിരിക്കും എഡിറ്റിംഗ് നടത്തേണ്ടത്.

ഒരു ഗ്രൂപ്പ് ഉല്പന്നം രൂപപ്പെട്ടു വന്നപ്പോൾ ഗ്രൂപ്പിലെ അംഗങ്ങൾ ഓരോരുത്തരും തങ്ങളുടെ ആശയങ്ങൾ പങ്കുവച്ചിട്ടുണ്ടാകും. ഈ പ്രക്രിയയിലൂടെ ആശയപൂർണ്ണത കൈവരിക്കാത്ത ഉല്പന്നമാണ് എഡിറ്റിംഗിനു വിധേയമാകുന്നത്.

കുട്ടികളുടെ മുമ്പാകെ ഗ്രൂപ്പിന്റെ ഉല്പന്നം പ്രദർശിപ്പിച്ച് ക്ലാസിലെ എല്ലാ കുട്ടികളുടെയും പങ്കാളിത്തത്തോടെ ആശയരൂപീകരണം നടത്തുന്ന പ്രക്രിയയാണ് ആദ്യം നടക്കേണ്ടത്. മറ്റു ഗ്രൂപ്പുകളുടെ ഉല്പന്നം താരതമ്യം ചെയ്യുന്നതിലൂടെയും 'ടീച്ചേഴ്സ് വേർഷൻ' പരിചയപ്പെടുന്നതിലൂടെയും ആശയപരമായ പൂർണ്ണതയിൽ എത്തുന്നതിനു സാധിക്കും.

♦ **വാക്യഘടന**

വാക്യഘടനയിൽ വരുത്തുന്ന തെറ്റുകൾ പ്രധാനമായും പദം വിട്ടുപോകലും, തെറ്റായ പദക്രമവും അധിക പദങ്ങളുടെ ഉപയോഗവുമാണ്.

വാക്യഘടനാപരമായ എന്തു തെറ്റാണോ ഗ്രൂപ്പിന്റെ ഉൽപ്പന്നത്തിൽ കാണാൻ കഴിഞ്ഞത് അതു കുട്ടിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ശരിയായ ഘടന ക്ലാസിൽ രൂപപ്പെടുകയും ചെയ്യുകയാണു വേണ്ടത്.

- പദം വിട്ടുപോയ വാക്യമാണെങ്കിൽ ഇവിടെ ഏതെങ്കിലും പദം വിട്ടുപോയിട്ടുണ്ടോ? ഏതു പദം കൂടി ഉൾപ്പെടുത്തിയാലാണു വാക്യം പൂർണമാകുന്നത്? തുടങ്ങിയ ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് തെറ്റുകൾ കുട്ടിയുടെ ശ്രദ്ധയിൽപ്പെടുത്താം ഓരോന്നിലും എന്താണോ പ്രശ്നം അതിലൂന്നിയുള്ള കൃത്യമായ ചോദ്യങ്ങളിലൂടെയായിരിക്കണം ടീച്ചർ ഇടപെടേണ്ടത്.

♦ **പദഘടന**

പദഘടനാപരമായ തെറ്റുകളിൽ പ്രധാനമായവ

- അപൂർണ പദങ്ങൾ - വേവി
- കാലഭേദം - ഞാൻ നാളെ രാവിലെ പോയി
- ലിംഗഭേദം - രാമു അവളുടെ അച്ഛൻ കുപ്പായം വാങ്ങി

തുടങ്ങിയവയാണ് വാക്യഘടനാപരമായ തെറ്റുകൾ തിരുത്തുന്നതിനു ക്ലാസിൽ അവതരിപ്പിച്ച രീതിതന്നെയാണ് ഇവിടെയും സ്വീകരിക്കേണ്ടത് കുട്ടികൾ പ്രയോഗിക്കുന്ന പ്രാദേശിക പദങ്ങൾ പദഘടനാപരമായ തെറ്റായി കാണേണ്ടതില്ല.

പദഘടനാപരമായ തെറ്റുകൾ വാചികപ്രയോഗത്തിൽ വന്നതുപോലെ തന്നെ ലേഖനത്തിലും വരാം. ഇവിടെയും ബിഗ്ബുക്കിലേക്കു വന്ന തെറ്റ് കുട്ടിയുടെ ശ്രദ്ധയിൽപ്പെടുത്തി ശരിയായ രൂപം കണ്ടെത്തുകയാണു വേണ്ടത്.

♦ **അക്ഷരം, ചിഹ്നം**

അക്ഷരങ്ങൾ വിട്ടുപോകലോ മാറിപ്രയോഗിക്കുകയോ ചിഹ്നങ്ങൾ ഉപയോഗിക്കാതിരിക്കുകയോ ആകാം പ്രധാനമായി വരുത്തുന്ന തെറ്റുകൾ. ഇതിൽ അക്ഷരങ്ങളിൽ വരുത്തുന്ന തെറ്റുകളും ചിഹ്നങ്ങളിൽ വരുത്തുന്ന തെറ്റുകളും പ്രത്യേകമായി തന്നെ പരിഗണിക്കണം. പറയുന്നതുപോലെ തന്നെ എഴുതുന്നു എന്നതാണ് അക്ഷരത്തെറ്റുണ്ടാകാൻ പ്രധാന കാരണം. ('പൈസ' എന്നതിന് 'പയിസ' എന്നെഴുതുന്നത്) ഇവിടെ ശരിയായ ഉച്ചാരണത്തിന്റെ അഭാവമാണു തെറ്റിലേക്കു നയിക്കപ്പെടുന്നത്. പറയുന്നതുപോലെ എഴുതുന്ന കുട്ടികൾക്കു ശബ്ദത്തെയും അതിന്റെ ലിഖിതരൂപത്തേയും ബന്ധപ്പെടുത്താൻ കഴിവുണ്ട്. ഇങ്ങനെയുള്ള സ്വനിമ അവബോധം ഉള്ളതുകൊണ്ടാണു പറയുന്നതുപോലെതന്നെ എഴുതാൻ കഴിയുന്നത്.

തെറ്റിയ അക്ഷരം വരുന്ന പദങ്ങൾ ആവർത്തിച്ചെഴുതിയതുകൊണ്ട് അക്ഷരത്തെറ്റുകൾ തിരുത്തപ്പെടില്ല. തെറ്റുന്ന അക്ഷരങ്ങൾക്കു കൂടുതൽ ഊന്നൽ നൽകുന്ന വ്യവഹാരരൂപങ്ങൾ (വ്യത്യസ്ത അക്ഷരങ്ങളോടു നിശ്ചിത അക്ഷരം കൂടിച്ചേർന്നുവരുന്ന പദങ്ങൾ ഉൾപ്പെട്ട വ്യവഹാരരൂപം) രൂപീകരിച്ചു, കാണാനും എഴുതാനുമുള്ള അവസരം ഉണ്ടാക്കിക്കൊടുത്തുകൊണ്ടായിരിക്കണം ഈ പ്രശ്നം പരിഹരിക്കേണ്ടത്. ചിഹ്നത്തിന്റെ കാര്യത്തിലും ഇതേ രീതി തന്നെ അവലംബിക്കാവുന്നതാണ്.

* * * *